## പതിനാലാം കേരള നിയമസഭ

### നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം:1208** **02.03.2017-ൽ മറുപടിക്ക്**

### എട്ടുമുതൽ പന്ത്രണ്ടുവരെ ക്ലാസ്സുകൾ ഹൈടെക്കാക്കുന്നതിനുള്ള നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ.എ.നെല്ലിക്കുന്ന് | പ്രൊഫ : സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) എട്ടു മുതൽ പന്ത്രണ്ടുവരെയുള്ള ക്ലാസ്സുകൾ ഹൈടെക്കാക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ ; | എ) സംസ്ഥാനത്തെ എട്ടു മുതൽ പന്ത്രണ്ടു വരെയുള്ള ക്ലാസ്സുകളാണ് ഹൈടെക് ആക്കുന്നത്. ആലപ്പുഴ, പുതുക്കാട്, കോഴിക്കോട് നോർത്ത്, തളിപ്പറമ്പ് മണ്ഡലങ്ങളിൽ പദ്ധതി പൈലറ്റായി നടപ്പിലാക്കിവരികയാണ്. പദ്ധതി നടത്തിപ്പിനായി വിശദമായ പദ്ധതി രേഖ (ഡി.പി.ആർ) ഐ.റ്റി@സ്കൂൾ തയ്യാറാക്കിയിട്ടുണ്ട്. |
| ബി) എത്ര സ്കൂളുകളിലാണ് ഈ പദ്ധതികൾ നടപ്പിലാക്കുന്നതെന്നും എയ്ഡഡ് സ്കൂളുകൾ ഇതിന്റെ പരിധിയിൽ വരുമോ എന്നും വ്യക്തമാക്കാമോ; | ബി) സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകളിലും പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. |
| സി) എട്ടുമുതൽ പന്ത്രണ്ടു വരെ ക്ലാസ്സുകൾ ഹൈടെക്കാക്കുന്നതിന് കാസർഗോഡ് ജില്ലയിൽ തെരഞ്ഞെടുത്ത സ്കൂളുകൾ ഏതൊക്കെയാണെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ; | സി) കാസറഗോഡ് ജില്ല ഉൾപ്പെടെയുള്ള സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ് ഹൈസ്കൂളുകൾ, ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകളിലും പദ്ധതി നടപ്പിലാക്കുന്നതിനാൽ സംസ്ഥാനത്തെ എല്ലാ മണ്ഡലങ്ങളിലുമുള്ള എല്ലാ സ്കൂളുകളും പദ്ധതിയിൽ ഉൾപ്പെടുന്നതാണ്. |
| ഡി) ക്ലാസ്സുകൾ ഹൈടെക്കാക്കുന്നതുകൊണ്ട് എന്താണ്ഉദ്ദേശിക്കുന്നത് ; എന്തെല്ലാം സംവിധാനങ്ങളാണ് ഹൈടെക്ക് ക്ലാസ്സുകളിൽ ഒരുക്കുന്നതെന്ന് വ്യക്ത മാക്കാമോ; | ഡി) പഠനബോധന പ്രവർത്തനങ്ങൾ ആയാസരഹിതവും ലളിതവും കൂടുതൽ ഫലപ്രദവുമാക്കുകയാണ് പദ്ധതിയുടെ പ്രധാന ഉദ്ദേശ്യം അടച്ചുറപ്പുള്ള ക്ലാസ് മുറികളിൽ ലാപ് ടോപ്, മൾട്ടിമീഡിയ പ്രൊജക്ടർ, ശബ്ദ |

സംവിധാനം, ഇൻറർനെറ്റ് സൗകര്യം എന്നിവയും ഐ.ടി. ലാബുകളും സജ്ജീകരിക്കും. ഇതിനുപുറമെ ബ്രോഡ്ബാൻഡ് ഇൻറർനെറ്റ് ഐ.സി.ടി ഉള്ളടക്കം, പ്രത്യേക അദ്ധ്യാപക വിദ്യാർത്ഥി പരിശീലനങ്ങൾ, ഇ ഗവേണൻസ് എന്നിവയും പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്നതാണ്.

ഇ) ഹൈടെക്ക് ക്ലാസിൽ എത്ര കമ്പ്യൂട്ടറുകൾ സ്ഥാപിക്കാനാണുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

ഇ) എട്ടു മുതൽ പന്ത്രണ്ടു വരെയുള്ള ക്ലാസ്സുകളിൽ അടച്ചുറപ്പുള്ള ക്ലാസ് മുറി ഉപകരണങ്ങൾ സൂക്ഷിക്കുന്നതിനുള്ള സ്ഥലം എന്നിവ തയ്യാറാക്കുന്ന എല്ലാ സർക്കാർ, എയ്ഡഡ് സ്കൂൾ ക്ലാസ് മുറികളിലും, കുട്ടികളുടെ എണ്ണത്തിന് അനുസരിച്ച് കമ്പ്യൂട്ടർ ലാബുകൾ ലഭ്യമാക്കുന്നതാണ്.

സെക്ഷൻ ഓഫീസർ